**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4146** **18-07-2022 - ല്‍ മറുപടിയ്ക്ക്**

**സില്‍വര്‍ ലൈന്‍ പദ്ധതിയ്ക്കായി അനുവധിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനില്‍ കുമാര്‍ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിന്‍സെന്റ് ,<br>ഡോ. മാത്യു കുഴല്‍നാടന്‍** | | **ശ്രീ കെ എന്‍ ബാലഗോപാല്‍<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സില്‍വര്‍ ലൈന്‍ പദ്ധതിയ്ക്കായി വായ്പ എടുക്കുന്നത് സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയെ എപ്രകാരം ബാധിക്കുമെന്ന് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | വിശദ പദ്ധതി റിപ്പോര്‍ട്ട് പ്രകാരം സില്‍വര്‍ ലൈന്‍ പദ്ധതിയുടെ വായ്പാ തിരിച്ചടവ് പദ്ധതി വരുമാനത്തില്‍ നിന്നു തന്നെ സാധ്യമാണ്. ടി വായ്പ തിരിച്ചടവില്‍ വീഴ്ചവരുന്നപക്ഷം സാമ്പത്തിക ബാധ്യത സംസ്ഥാന സര്‍ക്കാര്‍ ഏറ്റെടുക്കുമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. ഈ വിവരം കേന്ദ്ര സര്‍ക്കാരിനെ അറിയിച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി നാളിതുവരെ വകുപ്പ് എത്ര രൂപ ബജറ്റില്‍ വകയിരുത്തിയിട്ടുണ്ടെന്ന് സാമ്പത്തിക വര്‍ഷം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | സില്‍വര്‍ലൈന്‍ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള സ്ഥലമേറ്റെടുക്കലിന്റെ ഭരണപരമായ ചെലവുകള്‍ക്കും കണ്ടിജന്‍സി ചാര്‍ജിനുമായി 20.50 (20,50,00,000/-) കോടി രൂപ 2021-22 സാമ്പത്തിക വര്‍ഷം അനുവദിച്ചിരുന്നു. ഈ തുക പൂര്‍ണ്ണമായും ചിലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി നാളിതുവരെ ധനകാര്യ വകുപ്പ് എത്ര രൂപ അനുവദിച്ച് നല്‍കിയിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് തുക അനുവദിച്ചതെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | സില്‍വര്‍ലൈന്‍ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള സ്ഥലമേറ്റെടുക്കലിന്റെ ഭരണപരമായ ചെലവുകള്‍ക്കും കണ്ടിജന്‍സി ചാര്‍ജിനുമായി 20.50 (20,50,00,000/-) കോടി രൂപ 2021-22 സാമ്പത്തിക വര്‍ഷം അനുവദിച്ചിരുന്നു. ഈ തുക പൂര്‍ണ്ണമായും ചിലവഴിച്ചിട്ടുണ്ട്. |

സെക്ഷന്‍ ഓഫീസര്‍